വയർമെൻ അസോസിയേഷന്റെ മെമ്മോറാണ്ടം

979. [1427] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വയർമെൻ അസോസിയേഷന്റെ ഒരു മെമ്മോറാണ്ടം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ മെമ്മോറാണ്ടത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മെമ്മോറാണ്ടത്തിൽ പറയുന്ന ഏതെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിമാന്റുകളാണ് നടപ്പിലാക്കിയത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പാലക്കാട് വയറിംഗ് വർക്കേഴ്സ് അസോസിയേഷന്റെ 8-ാമത്തെ ആവശ്യം ചില വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കിയിട്ടുണ്ട്. കേരള ഇലക്ട്രിക്കൽ വയർമെൻ ആൻറ് സൂപ്പർവൈസർ അസോസിയേഷന്റെ ഒന്നാമത്തെ ആവശ്യം നടപ്പിലാക്കുന്നതിനു ആവശ്യമായ ചട്ടങ്ങളിലുള്ള ഭേഗേതി പരിഗണനയുടെ അവസാന ഘട്ടത്തിലാണ്. പെൻറിംഗ് കണക്ഷനുകൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ നല്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. മറ്റുള്ള ആവശ്യങ്ങൾ പരിശോധിച്ചു വരുന്നു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ നിയമനം

980. [1428] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ നിയമനം പി. എസ്. സി. വഴിയാണോ ;

(ബി) ആണെങ്കിൽ അതിനെതിരായി ഏതെങ്കിലും ഉത്തരവ് ഈയിടെ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വകുപ്പദ്ധ്യക്ഷൻമാരുടേതൊഴിച്ച് നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേക്കുള്ള എല്ലാ നിയമനങ്ങളും പി. എസ്. സി. വഴിയാണ്.

(ബി) ഇല്ല.

ഗാർഹിക കണക്ഷൻ

981. [1429] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-1985 മുതൽ 30-9-1986 വരെ കോൺട്രിബ്യൂഷനിൽ നിന്ന് ഒഴിവാക്കി എത്ര ഗാർഹിക കണക്ഷൻ നൽകി ;

(ബി) കോൺട്രിബ്യൂഷൻ സമ്പ്രദായ പ്രകാരം ഈ വർഷം എത്ര കണക്ഷൻ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 104,872

(ബി) 1986-87-ൽ ഏകദേശം 30,000 കണക്ഷനുകൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇലക്ട്രിസിറ്റി ബോർഡിൽ ജോലിയിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി

982. [1434] ശ്രീ. സിറിയക് ജോൺ :

,, ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980 ജനുവരി മുതൽ 1986 സെപ്റ്റംബർ 30 വരെ ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗത്തിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥയനുസരിച്ച് ജോലി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) 1980 മുതൽ 1986 സെപ്റ്റംബർ 30 വരെ ഈ വ്യവസ്ഥ അനുസരിച്ച് എത്ര പേർക്ക് ജോലി നൽകി ;

(സി) ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ട് ;

(ഡി) ബാക്കിയുള്ളവർക്ക് ജോലി നൽകാതിരിക്കാനുള്ള കാരണമെന്ത് ?

ഉത്തരം

(എ) 856 അപേക്ഷകൾ ലഭിച്ചു.
(ബി) 652 പേർക്ക് ജോലി നൽകി.
(സി) 204 പേർക്ക്
(ഡി) ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

ശ്രീ ജഗന്നാഥക്ഷേത്ര ഉൽസവത്തോടനുബന്ധിച്ച് ഉണ്ടായ റെയിൽ ദുരന്തം

983. [1435] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഫെബ്രുവരിയിൽ തലശ്ശേരി ശ്രീ ജഗന്നാഥക്ഷേത്ര ഉൽസവത്തോടനുബന്ധിച്ച് ഉണ്ടായ റെയിൽ ദുരന്തത്തെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നൽകിയത് ;

(സി) മരണപ്പെട്ടവരുടെ ആശ്രിതരിൽ ആർക്കെങ്കിലും ജോലി നൽകണമെന്ന നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുന്നുണ്ടോ ?

ഉത്തരം

(എ) 1986 ഫെബ്രുവരിയിൽ തലശ്ശേരിയിൽ ഉണ്ടായ റെയിൽവേ ദുരന്തത്തെക്കുറിച്ച് റെയിൽവേ സുരക്ഷിതത്വ കമ്മീഷണർ അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,000 രൂപ വീതം സഹായധനം നൽകുകയുണ്ടായി.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly